തുഞ്ചത്ത് എഴുത്തച്ഛൻ
മലയാളസർവ്വകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - ഭരണനിർവഹണം - ഡോ. ഷൈജൻ ഡി.യെ സർവകലാശാലാ രജിസ്ട്രാർ ആയി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം

നമ്പർ: 924/2020/എ1/അഡ്മിൻ. തിരൂർ: തീയതി 15.10.2020

പരാമർശം:- 1) 15.07.2020 ലെ 924/2020/എ1/അഡ്മിൻ. നമ്പർ സർവകലാശാലാ വിജ്ഞാപനം.
2) 05.10.2020 ന് നടന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ്.
3) 13.10.2020 ന് നടന്ന നിർവാഹകസമിതിയുടെ നാൽപത്തിയാറാമത് യോഗത്തിന്റെ അജണ്ട ഇനം നമ്പർ 2020.41
4) വൈസ് ചാൻസലറുടെ 13.10.2020 ലെ ഉത്തരവ്.
5) ഡോ. ഷൈജൻ ഡി.യുടെ 14.10.2020 ലെ പ്രവേശന റിപ്പോർട്ട്.

ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം സർവകലാശാല രജിസ്ട്രാർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. പരാമർശം (3) പ്രകാരം 2020 ഒക്ടോബർ 13 ന് ചേർന്ന നിർവാഹക സമിതിയുടെ നാൽപ്പത്തിയാറാമത് യോഗം റാങ്ക് പട്ടികയിൽ ഒന്നാം സ്ഥാനക്കാരനായ ഡോ. ഷൈജൻ ഡി. യെ ('അനുപമം', സീറോ ലൈൻ, എൽത്തുരുത്ത്, തൃശൂർ) തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാലയുടെ രജിസ്ട്രാറായി സർവകലാശാലാ നിയമം 2013 ലെ വകുപ്പ് 32 (6), (7) (2019 ലെ 15-ാം ആക്ട്), ആദ്യ സ്റ്റാറ്റ്യൂട്ട്സ്, 2019 അദ്ധ്യായം 2 ലെ സ്റ്റാറ്റ്യൂട്ട് 20 ലേയും വ്യവസ്ഥകൾക്ക് വിധേയമായി നാല് വർഷക്കാലത്തേക്ക് നിയമിക്കാൻ ഐകകണ്ഠേന തീരുമാനിക്കുകയും, നിയമനോത്തരവ് നൽകാൻ വൈസ് ചാൻസലറെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2) പരാമർശം (4) പ്രകാരം നിർവാഹകസമിതിയുടെ തീരുമാനം നടപ്പിലാക്കാൻ വൈസ് ചാൻസലർ ഉത്തരവിട്ടിട്ടുണ്ട്.

3) പരാമർശം (5) പ്രകാരം ഡോ. ഷൈജൻ ഡി. ('അനുപമം', സീറോ ലൈൻ, എൽത്തുരുത്ത്, തൃശൂർ) 14.10.2020 FN ന് വൈസ് ചാൻസലർ മുമ്പാകെ ആരോഗ്യക്ഷമതാ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഇവ സഹിതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ആകയാൽ ഡോ. ഷൈജൻ ഡി. യെ ('അനുപമം', സീറോ ലൈൻ, എൽത്തുരുത്ത്, തൃശൂർ) മലയാളസർവകലാശാല നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 37400-97,000 + 10,000 AGP (Pre-revised) യു.ജി.സി. പേ ബാൻഡിൽ രജിസ്ട്രാർ തസ്തികയിൽ 14.10.2020 FN മുതൽ നാലു വർഷത്തേയ്ക്ക് നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ വി. അനിൽകുമാർ
വൈസ് ചാൻസലർ

ഡോ. ഷൈജൻ ഡി. 'അനുപമം', സീറോ ലൈൻ, എൽത്തുരുത്ത്, തൃശൂർ

പകർപ്പ്:

വി.സി. കാര്യാലയം/രജിസ്ട്രാർ കാര്യാലയം/
പരീക്ഷാ കൺട്രോളർ/ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
ജെ.ഡി.എൽ.എഫ്.എ./പി.ആർ.ഒ/വെബ്സൈറ്റ്/ലൈബ്രറി/